## പതിനാലാം കേരള നിയമസഭ

## (FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI
# (2019-2021)

# ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
# (FOOD, CIVIL SUPPLIES AND CO-OPERATION)

## 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്**

**(Under Rule 236 (5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly)**

**2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI
# (2019-2021)

# ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
# (FOOD, CIVIL SUPPLIES AND CO-OPERATION)

**2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

## (ACTION TAKEN REPORT)

553/2020.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | - | v |
| അവതാരിക | - | vii |
| റിപ്പോർട്ട് | - | 1 |

## സബ്ജക്ട് കമ്മിറ്റി XI

## (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)

## (2019-2021)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

<u>എക്സ്- ഒഫീഷ്യോ അംഗം:</u>

ശ്രീ. പി. തിലോത്തമൻ,
ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി

<u>അംഗങ്ങൾ</u> :

ശ്രീ. അബ്ദുൽ ഹമീദ്. പി.

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. പി. സി. ജോർജ്

ശ്രീ. വി. ജോയി

ശ്രീ. മുഹമ്മദ് മുഹസിൻ പി.

ശ്രീ. മുരളി പെരുനെല്ലി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. മാത്യുക്കുട്ടി. ജി, അഡീഷണൽ സെക്രട്ടറി

ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രാജേശ്വരി. ആർ, അണ്ടർ സെക്രട്ടറി.

## അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സബ്ജക്ട് കമ്മിറ്റി XI-ന്റെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് രണ്ട് അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ സമിതിയുടെ പരിഗണനയ്ക്ക് വിധേയമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളുടെ വിവരങ്ങളും രണ്ടാം അദ്ധ്യായത്തിൽ ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകളിലെ ശിപാർശകൾ സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് 22-7-2020-ന് ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

കടകംപള്ളി സുരേന്ദ്രൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
22-7-2020.

# റിപ്പോർട്ട്

## അദ്ധ്യായം I

## 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും

ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

ഖണ്ഡിക നമ്പർ 22

3475-00-106-99-05.3—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - ഓഫീസ് ചെലവുകൾ - ടെലഫോൺ ചെലവ്

ആഫീസ് ലാൻഡ് ഫോണുകളുടെ ബില്ലുകൾക്ക് പുറമെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുള്ള CUG SIM-ന് എല്ലാ വർഷവും 5.02 ലക്ഷം രൂപ കൊടുക്കേണ്ടി വരുന്നു. കൂടാതെ, പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലെ ഇൻസ്പെക്ടറാഫീസുകൾക്ക് ടെലഫോൺ സൗകര്യം ഏർപ്പെടുത്തുന്നതിനും അധിക തുക ആവശ്യമാണ്. ആയതിനാൽ, മേൽ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടെലഫോൺ ചാർജ്ജ് സംബന്ധിച്ച് അധിക വീതാംശത്തിന് അഡീഷണൽ ഓതറൈസേഷൻ സമർപ്പിച്ചെങ്കിലും പ്രൊപ്പോസൽ ധനകാര്യ വകുപ്പ് നിരസിക്കുകയാണുണ്ടായത്.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 30-1-2020-ലെ സി.എ 2/273/2019/ഉ.കാ.വ. നമ്പർ കത്ത്)

ഖണ്ഡിക നമ്പർ 23

3475-00-106-99-06—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - വാടക, കരം, നികുതി

ഭവന നിർമ്മാണ ബോർഡിന്റെയും സ്വകാര്യ കെട്ടിടങ്ങളുടെയും വാടക കുടിശ്ശിക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

14 താലൂക്കുകളിലും ആരംഭിച്ച ലീഗൽ മെട്രോളജി ഓഫീസുകളുടെ കെട്ടിടങ്ങളുടെ വാടക നിശ്ചയിച്ച് പുറപ്പെടുവിച്ച ഉത്തരവുകളും, കുടിശ്ശികയിനത്തിൽ നൽകേണ്ട തുകകളുടെ കണക്കുകളും ഉൾപ്പെടുത്തിക്കൊണ്ട് ശിപാർശ സമർപ്പിക്കാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരിക്കുകയാണ്. അപ്രകാരം ശിപാർശ സമർപ്പിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന് നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 30-1-2020-ലെ സി.എ 2/273/2019/ഉ.കാ.വ. നമ്പർ കത്ത്)

ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

ഖണ്ഡിക നമ്പർ 24

2408-01-101-94—റേഷൻ സബ്സിഡി

ഭക്ഷ്യസാധനങ്ങളുടെ വിലയിനത്തിൽ വേയ്മെന്റ് ചാർജ്ജ് ഉൾപ്പെടെയുള്ള തുക ഒടുക്കുന്നതിനും, നിലവിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുസരിച്ച് റേഷൻ കടകളിലേക്ക് ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം വഴി എത്തിക്കുന്നതിനും, സപ്ലൈകോയുടെ ഗതാഗത ഇനത്തിലും, മറ്റ് ചെലവുകൾക്കുമായി അധിക തുക ആവശ്യമാണ്. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി 84.02 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

"2408-01-101-94-03-33—റേഷൻ അരിയുടെയും ഗോതമ്പിന്റെയും ഗതാഗത കൈകാര്യ ചെലവുകൾ" എന്ന ശീർഷകത്തിൽ ഒന്നാംവട്ട ഉപധനാഭ്യർത്ഥന മുഖേന 53.73 കോടി രൂപ ആവശ്യപ്പെട്ടുകൊണ്ട് ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും ഒന്നാംവട്ട ഉപധനാഭ്യർത്ഥന മുഖേന ടി ശീർഷകത്തിൽ തുകയൊന്നും അനുവദിച്ച് കിട്ടിയില്ല

[ഭക്ഷ്യപൊതുവിതരണ (ഡി) വകുപ്പിന്റെ 27-9-2019-ലെ 3637004/ഡി2/19/ഭ.പൊ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 26

2408-01-800-98—ഉപഭോക്തൃ ദിനാഘോഷം

ദേശീയ ഉപഭോക്തൃ ദിനാഘോഷത്തോടനുബന്ധിച്ച് ഉപഭോക്തൃ അവകാശ സംരക്ഷണ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംഘടനകൾക്ക് രാജീവ് ഗാന്ധി ഉപഭോക്തൃ സംരക്ഷണ അവാർഡ് നൽകുന്നതിനും, ദിനാഘോഷങ്ങളോടനുബന്ധിച്ച് സെമിനാറുകൾ,

ചർച്ചകൾ, മുഖാമുഖം ശിൽപ്പശാലകൾ എന്നിങ്ങനെയുള്ള ഉപഭോക്തൃ ബോധവത്കരണ പരിപാടികളും, സ്കൂൾ വിദ്യാർത്ഥികൾക്കായി വിവിധ മത്സരപരിപാടികളും സംഘടിപ്പിക്കുന്നതിനും അധിക തുക ആവശ്യമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിലെ ബഡ്ജറ്റ് വിഹിതമായ 3 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തെ ഉപഭോക്തൃ ദിനാഘോഷ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച ശേഷം കൂടുതൽ തുക ആവശ്യമായി വരുന്നപക്ഷം ഉപധനാഭ്യർത്ഥനയിൽ തുക അനുവദിക്കുന്നതിന് ശിപാർശ സമർപ്പിക്കുന്നതാണ്.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 30-1-2020-ലെ സി.എ 2/273/2019/ഉ.കാ.വ. നമ്പർ കത്ത്)

<u>ഖണ്ഡിക നമ്പർ 27</u>

3456-00-001-89-34-3—<u>ഫുഡ് അഡ്വൈസറി കമ്മിറ്റി - മറ്റ് ചെലവുകൾ - മറ്റിനം</u>

റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് യഥാക്രമം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും, റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും, പൊതുജനങ്ങൾ നൽകുന്ന പരാതികൾ തീർപ്പാക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന/ജില്ലാ/താലൂക്ക്/പഞ്ചായത്തുതല ഭക്ഷ്യോപദേശക സമിതിയോഗങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള ചെലവിനുമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി.പി.ഡി.എസ്. 2001-നെ അടിസ്ഥാനപ്പെടുത്തിയാണ് പൊതുജനങ്ങൾക്ക് റേഷൻ വിതരണത്തിലെ പരാതികൾ/പൊതുവിപണിയിലെ പരാതികൾ/എൽ.പി.ജി. വിതരണം എന്നിവയുടെ പരാതികൾ ഉന്നയിക്കുന്നതിനായി സംസ്ഥാനത്ത് സംസ്ഥാന/ജില്ലാ/താലൂക്ക്/പഞ്ചായത്തുതല ഭക്ഷ്യോപദേശക സമിതികൾ രൂപീകരിച്ചിരുന്നത്. ടി ഭക്ഷ്യോപദേശക സമിതികളിൽ 14 ജില്ലകളിലേയും ജില്ലാതല ഭക്ഷ്യോപദേശക സമിതികൾ മാത്രമാണ് നിലവിൽ പ്രവർത്തിക്കുകയും യോഗം ചേരുകയും ചെയ്യുന്നത്. സംസ്ഥാന/താലൂക്ക്/പഞ്ചായത്ത്തല ഭക്ഷ്യോപദേശക സമിതികൾ നിലവിൽ പുനഃസംഘടിപ്പിക്കുകയോ യോഗം ചേരുകയോ ചെയ്തിട്ടില്ല. സംസ്ഥാനതല ഭക്ഷ്യോപദേശക സമിതിയുടെ യോഗം ചേരുന്നതിനാണ് ഫണ്ട്

ആവശ്യമായി വരുന്നത്. ആയതിനാൽ സംസ്ഥാന തല സമിതി യോഗം ചേരുന്ന മുറയ്ക്ക് ആവശ്യമായ അധിക ഫണ്ട് ധനപുനർവിനിയോഗംവഴി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

[ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 17-3-2020-ലെ ബി1/38/2019/ഭ.പൊ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 28

3456-00-001-82—പൊതുവിതരണ സമ്പ്രദായം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്

പൊതുവിതരണ സമ്പ്രദായത്തിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ പദ്ധതിക്കായി മേൽ സൂചിപ്പിച്ച ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

"പൊതുവിതരണ സമ്പ്രദായത്തിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം" എന്ന സ്കീമിൽ ലഭ്യമാകേണ്ട 10% കേന്ദ്ര വിഹിതമായ 1.21 കോടി രൂപ 3456-00-001-82 എന്ന ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

[ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 17-3-2020-ലെ ബി1/38/2019/ഭ.പൊ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 29

3456-00-001-80—ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിനുകീഴിൽ വരുന്ന സംസ്ഥാന ഭക്ഷ്യ കമ്മീഷൻ, ജില്ലാ പരാതി പരിഹാര ഓഫീസുകൾ

2013-ലെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിലെ അദ്ധ്യായം VII (സെക്ഷൻ 14-21) പ്രകാരം പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതി പരിഹരിക്കുന്നതിനായി രൂപീകരിച്ച സംസ്ഥാന ഭക്ഷ്യ കമ്മീഷനിലെ ചെയർപേഴ്സൺ, മെമ്പർമാർ, മെമ്പർ സെക്രട്ടറി, മറ്റ് ജീവനക്കാർ എന്നിവരുടെ ശമ്പളം/വേതനം, യാത്രാബത്ത, ഓഫീസ് ചെലവുകൾ ഉൾപ്പെടെയുള്ള മറ്റ് അനുബന്ധ ചെലവുകൾക്കായി 2.3 കോടി രൂപ ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാന ഭക്ഷ്യ കമ്മീഷനിലെ ചെയർ പേഴ്സൺ, മെമ്പർമാർ, മെമ്പർ സെക്രട്ടറി, മറ്റ് ജീവനക്കാർ എന്നിവരുടെ ശമ്പളം/വേതനം, യാത്രാബത്ത, ഓഫീസ് ചെലവുകൾ ഉൾപ്പെടെയുള്ള മറ്റ് അനുബന്ധ ചെലവുകൾക്കായി " 3456-00-001-80-(നോൺപ്ലാൻ)" ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന 15,40,000 രൂപ 5-8-2019-ലെ G. O. (Rt.) No. 6215/2019/Fin. പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

[ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 17-3-2020-ലെ ബി1/38/2019/ഭ.പൊ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 30

3456-00-104-99—കേരള ഉപഭോക്തൃ ക്ഷേമനിധിയിൽ നിന്നുള്ള ഉപഭോക്തൃക്ഷേമ പരിപാടികൾക്കുള്ള ചെലവുകൾ

സ്കൂൾ/കോളേജ് ഫെസ്റ്റുകൾ, സ്കൂൾ ക്ലബുകൾ, ഉപഭോക്തൃ ബോധവൽക്കരണ മാജിക് ഷോ, ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾ, എക്സിബിഷനുകൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും, പത്രമാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ 45 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് വിഹിതമായ 55 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തെ ഉപഭോക്തൃ ബോധവത്കരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച ശേഷം കൂടുതൽ തുക ആവശ്യമായി വരുന്ന പക്ഷം ഉപധനാഭ്യർത്ഥനയിൽ തുക അനുവദിക്കുന്നതിന് ശിപാർശ സമർപ്പിക്കുന്നതാണ്.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 30-1-2020-ലെ സി.എ 2/273/2019/ഉ.കാ.വ. നമ്പർ കത്ത്)

ഖണ്ഡിക നമ്പർ 31

4408-01-101-95—റേഷൻ കാർഡ് പുതുക്കൽ

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ റേഷൻ കാർഡുകൾ പുതുക്കുന്നതിനും റേഷൻ കാർഡ്

പ്രിന്റിംഗുമായി ബന്ധപ്പെട്ട് സി-ഡിറ്റിന് ബാക്കി തുക നൽകുന്നതിനും ഡാറ്റാ എൻട്രി വെരിഫിക്കേഷൻ ഫോം പ്രിന്റ് ചെയ്തതിന്റെ അനുബന്ധ തുക നൽകുന്നതിനും, അക്ഷയ/സി-ഡിറ്റ് ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് വേതനം നൽകുന്നതിനും, താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട ചെലവുകൾക്കുമായി അധിക തുക ആവശ്യമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി 4.32 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അഡീഷണൽ ഓതറൈസേഷൻ മുഖേന 1,47,43,000 രൂപ 9-7-2019-ലെ G. O. (Rt.) No. 5377/2019/Fin. പ്രകാരം അനുവദിക്കുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

[ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 17-3-2020-ലെ ബി1/38/2019/ഭ.പൊ.വി.വ. നമ്പർ കത്ത്]

<u>അദ്ധ്യായം II</u>

## റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകൾ

| ക്രമ നമ്പർ | വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സഹകരണം | 1 മുതൽ 21 വരെ |
| 2 | ഭക്ഷ്യ പൊതുവിതരണം | 25, 32, 33 |

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ അടങ്ങുന്ന റിപ്പോർട്ട് അതത് സാമ്പത്തിക വർഷാവസാനമോ അതുകഴിഞ്ഞുള്ള സഭാ സമ്മേളനകാലത്തോ സമിതി ചെയർമാൻ സഭയിൽ സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും ശിപാർശയിന്മേലുള്ള മറുപടി വകുപ്പ് അയച്ചുതന്നിട്ടില്ലായെങ്കിൽ അതിനുള്ള കാരണം, ബന്ധപ്പെട്ട വകുപ്പുമന്ത്രി

ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാ സമ്മേളനാരംഭത്തിലോ ഏതാണോ ആദ്യം അപ്പോൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

ആയതിനാൽ, 2019-20-ലെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഇനിയും നടപടി സ്വീകരിച്ചിട്ടില്ലാത്ത ശിപാർശകൾ സംബന്ധിച്ച വിവരം (അദ്ധ്യായം II) ഈ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സമ്മേളനകാലത്തോ ഏതാണോ ആദ്യം അപ്പോൾ ബന്ധപ്പെട്ട വകുപ്പുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

കടകംപള്ളി സുരേന്ദ്രൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
22-7-2020.